**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4981** **20-07-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തലസ്ഥാനത്തേക്കും മറ്റ് ജില്ലകളിലേക്കും ജോലിക്കായി എത്തുന്ന വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്യതും സർക്കാരിന്റെ 2021-22 ലെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതുമായ സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | എ) കേരളത്തിലാകമാനം നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസ സൗകര്യം പ്രദാനം ചെയ്യുന്ന സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ മേനംകുളത്തുള്ള കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്കിനുള്ളിൽ 0.733 ഏക്കർ ഭൂമി ഭവനം ഫൗണ്ടേഷൻ കേരള പാട്ടത്തിനെടുത്തിട്ടുണ്ട്. ആറ് നിലകളിലായി 130 യൂണിറ്റുകളുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ് കോംപ്ലക്സാണ് ഫേസ് 1-ൽ നിർമ്മിക്കുന്നത്. അനുയോജ്യമായ ഭൂമിയും ഫണ്ടും ലഭ്യമാകുന്നതനുസരിച്ച് മറ്റ് ജില്ലകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ